**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 418** **20-03-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ റോഡ്, ശുചിമുറി, പാർക്കിംഗ് മേഖല എന്നിവയുടെ അടിസ്ഥാനസൗകര്യവികസനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുവാൻ വൈവിധ്യമാർന്ന പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് മികച്ച റോഡുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, ശുചിമുറി സൗകര്യം എന്നിവ ഉറപ്പാക്കുന്നതിന് മുൻഗണന നൽകുന്നു. മറ്റ് വകുപ്പുകളുമായി കൂടിചേർന്ന് വൈവിധ്യമാർന്ന പദ്ധതികൾ ഇതിനായി നടപ്പിലാക്കുന്നുണ്ട്. വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികളിലും ഈ ഘടകങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടോയ്‌ലറ്റ്, അമിനിറ്റി സെന്റർ, ലൈറ്റിംഗ്, സിസിടിവി ക്യാമറകൾ, ഓരോ ടൂറിസം ഡെസ്റ്റിനേഷന്റെയും പ്രാധാന്യം കണക്കിലെടുത്ത് കൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവയ്ക്ക് വകുപ്പ് ഊന്നൽ നൽകി വരുന്നു.<br><br>കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇത് പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച് വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രവർത്തികൾ നടന്നുവരുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കും, പൊതുജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി മികച്ച നിലവാരത്തിലുള്ള ടോയ്‌ലറ്റ് സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ടോയ്‌ലറ്റ് സംവിധാനത്തിന്റെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ച് പ്രവർത്തന |

| | | | |
|---|---|---|---|
| | | | സജ്ജമാക്കിയിട്ടുണ്ട്. ഇതിന് പുറമെ സ്റ്റാർട്ട് അപ് മിഷന്റെ സഹകരണത്തോടെ ആധുനിക ടോയ്‌ലറ്റ് സംവിധാനങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടരുന്നു. |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും പരിസ്ഥിതിയും പരിപാലിക്കുന്നതിന് സുസ്ഥിര പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരമായി നിലനിർത്തുന്നതിനും അവയുടെ നിലവാരം ഉയർത്തിക്കൊണ്ടു വരുന്നതിനുമായി ഹരിതചട്ടം പാലിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ടൂറിസം വകുപ്പ് സ്വീകരിച്ച് വരുന്നത്. മാലിന്യ മുക്തനവകേരളം കാമ്പയിനിന്റെ രണ്ടാംഘട്ടത്തോടനുബന്ധിച്ച് LSGD, ഹരിതകേരള മിഷൻ എന്നിവയുടെ സഹകരണത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിനോദ സഞ്ചാരകേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ഈ കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഗ്യാപ്പ് അസ്സെസ്സ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് കണ്ടെത്തിയ വിടവുകൾ പരിഹരിക്കുവാൻ വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഹരിത കേരളമിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം പദ്ധതിയും ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നു. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി വകുപ്പ് ചുവടെപ്പറയുന്ന വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ.**<br><br>വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദ സഞ്ചാര വകുപ്പ് 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ".<br><br>**കോവളം ഡെസ്റ്റിനേഷനിലെ മാലിന്യ സംസ്കരണം**<br><br>കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യ നിർമ്മാർജ്ജനം ഉറപ്പുവരുത്തുന്നതിനായി ഇക്കോ പ്രിസർവ് എന്ന NGO മുഖേന ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി. |

| | | | |
|---|---|---|---|
| | | | **<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**<br><br>ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ</u>**<br><br>സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | വിനോദസഞ്ചാര മേഖലയിലെ വൈ-ഫൈ, ഇൻഫർമേഷൻ കിയോസ്ക്, ടൂറിസ്റ്റ് ഹെൽപ് ഡെസ്ക് തുടങ്ങിയ ഡിജിറ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (സി) | വിനോദസഞ്ചാര മേഖലയിലെ വൈഫൈ, ഇൻഫർമേഷൻ കിയോസ്ക്, ടൂറിസ്റ്റ് ഹെൽപ് ഡെസ്ക് തുടങ്ങിയ ഡിജിറ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ Multilingual, Voice-Recognition enabled AI Information Kiosk –കൾ സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ കൂടുതൽ ഡിജിറ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ